ഗ്യാസ് സിലിണ്ടർ വിതരണത്തിനു ഗ്യാസ് ഏജൻസികൾക്ക് ഈടാക്കാവുന്ന തുക

267 (1324) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്യാസ് ഏജൻസികൾ വിതരണം ചെയ്യുന്ന സിലിണ്ടറുകൾക്ക് ഈടാക്കാവുന്ന തുക ഏതൊക്കെ രീതിയിലാണ് അനുവദിച്ചിട്ടുള്ളത്;

(ബി) എത്ര കിലോമീറ്റർ ഉള്ളിലുള്ള ഉപഭോക്താക്കൾക്ക് സിലിണ്ടറുകൾ സൗജന്യമായി എത്തിക്കുവാനാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(സി) ഗ്യാസ് സിലിണ്ടർ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ ഏതൊക്കെ രീതിയിലാണ് ഉപഭോക്താക്കൾക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ കഴിയുക ?

ഉത്തരം

(എ) ഗ്യാസിന്റെ അടിസ്ഥാന വിലയും അതിന്റെ വാറ്റ് നികുതിയും ഡിസ്ട്രിബ്യൂട്ടറുടെ കമ്മീഷനും ജില്ലാ കളക്ടർ അംഗീകരിച്ച ഡെലിവറി ചാർജ്ജുമാണ് ഗ്യാസ് ഏജൻസികൾ വിലയായി വാങ്ങുന്നത്.

(ബി) ജില്ലാ കളക്ടർമാരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 കി.മീറ്റർ ദൂരപരിധിക്കുള്ളിൽ ഡെലിവറി ചാർജ്ജ് ഈടാക്കുന്നില്ല.

(സി) പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസിതലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, രണ്ടു മാസത്തിലൊരിക്കൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ രണ്ടുമാസത്തിലൊരിക്കൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

മാവേലി ഹോട്ടലുകൾ

268 (1325) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എവിടെയൊക്കെയാണ് മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly